"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. അബ്ദുൾ വാജിദിന്റെ അനധികൃത ഹാജരില്ലായ്മ കാലയളവും സസ്പെൻഷൻ കാലയളവും ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1316/2022/LSGD തീയതി,തിരുവനന്തപുരം, 27-05-2022

---

പരാമർശം:-

1. ശ്രീ. അബ്ദുൾ വാജിദ് സമർപ്പിച്ച 26.10.2018, 06.07.2021 തീയതികളിലെ അവധി അപേക്ഷകൾ
2. പഞ്ചായത്ത് ഡയറക്ടറുടെ 03.04.2019, 10.10.2021 തീയതികളിലെ PAN/2604/2019-E10(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. അബ്ദുൾ വാജിദ് സമർപ്പിച്ച 26.10.2018 ലെ അവധി അപേക്ഷയിൽ കെ.എസ്.ആർ ഭാഗം-1, ചട്ടം 88 പ്രകാരം 21.12.2008 മുതൽ 31.12.2013 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുന്നതിന് അപേക്ഷിക്കുകയും ടി അപേക്ഷയും അനുബന്ധങ്ങളും ശുപാർശ ചെയ്ത് അനന്തര നടപടികൾക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ പ്യൂൺ ആയിരിക്കെ ടിയാന് വിദേശത്ത് ജോലി ചെയ്യുന്നതിനായി 19.12.2003 ലെ സ.ഉ(സാധാ)നം 4537/2003/തസ്വഭവ ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുകയും ആയത് പ്രകാരം ടിയാൻ 21.12.2003 ൽ അവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് അവധി അവസാനിക്കുന്ന 20.12.2008 ന് മുൻപ് 15.04.2008 ൽ അവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അവധി അനുവദിക്കാനാവില്ലെന്ന് പഞ്ചായത്ത് ഡയറക്ടറെ സർക്കാർ അറിയിച്ചുവെങ്കിലും ടി വിവരം യഥാസമയം ടിയാനെ അറിയിക്കാത്തതിനാൽ ടിയാൻ അവധിയിൽ തുടരുകയും ചെയ്തു. എന്നാൽ അവധി നിരസിച്ച വിവരം പിന്നീട് അപേക്ഷകൻ അറിയാനിടയാകുകയും മുൻകാലപ്രാബല്യത്തോടെ അവധി അനുവദിക്കാൻ നിവേദനം നല്കുകയും ചെയ്തിരുന്നു. ആയത് അനുവദിക്കാൻ നിർവാഹമില്ലാത്തതിനാൽ ടിയാനെ സേവനത്തിൽ നിന്ന് പിരിച്ച് വിടുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകുകയും ആയത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാനെ സേവനത്തിൽ നിന്ന് സസ്പെൻഡ് ചെയ്ത് അച്ചടക്കനടപടിയുടെ ഭാഗമായി കുറ്റപത്രം നല്കുകയും ചെയ്തു. എന്നാൽ

അവധി നിരസിച്ച വിവരം യഥാസമയം ടിയാനെ അറിയിക്കാതിരുന്നത് പഞ്ചായത്ത് ഡയറക്ടറുടേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും വീഴ്ച ആയതിനാൽ ടിയാൻ അറിയാതെ ചെയ്ത തെറ്റ് മാപ്പാക്കി നല്കണമെന്ന ടിയാന്റെ മാതാവിന്റെ സങ്കട ഹർജി സർക്കാർ പരിഗണിക്കുകയും 04.02.2015 ലെ സ.ഉ(സാധാ)നം. 366/2015/തസ്വഭവ ഉത്തരവ് പ്രകാരം ടിയാനെ സർവീസിൽ പുനപ്രവേശിപ്പിച്ച് കൊണ്ടും ടിയാനെ പിരിച്ച് വിടുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച കുറ്റപത്രം പിൻവലിച്ച് ലഘുശിക്ഷയുള്ള കുറ്റപത്രം നല്കുന്നതിന് നിർദേശിക്കുകയും ചെയ്തു. തുടർന്ന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.03.2015 ലെ നടപടിക്രമപ്രകാരം ടിയാനെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ നിയമനം നല്കുകയും ടിയാൻ 09.03.2015 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.12.2015 ലെ ഉത്തരവ് പ്രകാരം ടിയാന് സെൻഷർ ശിക്ഷ നല്കി ശിക്ഷാനടപടി അവസാനിപ്പിച്ചു.

2. ശ്രീ. അബ്ദുൾ വാജിദ് സമർപ്പിച്ചിരിക്കുന്ന 26.10.2018 ലെ അവധി അപേക്ഷയിൽ 21.12.2008 മുതൽ 31.12.2013 വരെയുള്ള ടിയാന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുന്നതിന് അപേക്ഷിക്കുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപ്രകാരം ശുപാർശ ചെയ്യുകയും ചെയ്തു. എന്നാൽ ശ്രീ. അബ്ദുൾ വാജിദ് 01.01.2014 മുതൽ 08.03.2015 വരെ സസ്പെൻഷനിലായിരുന്നു. ടിയാൻ സസ്പെൻഷനിലായിരുന്ന 01/01/2014 മുതൽ 08/03/2015 വരെയുള്ള കാലയളവ് ക്രമവൽകരിക്കുന്നതിനായി ടിയാൻ 06.07.2021 തീയതിയിലെ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. അബ്ദുൾ വാജിദ് വിദേശത്ത് ജോലി ചെയ്യുന്നതിനായി ആണ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചത്. വിദേശത്ത് ജോലി ചെയ്യുന്നതിനായി അവധിയിൽ പ്രവേശിക്കുന്നവർക്ക് കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-A യും അതിലെ നിബന്ധനകളും മാത്രമാണ് ബാധകമാവുന്നത്. കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-A ചട്ടം 9 പ്രകാരം പ്രസ്തുത ശൂന്യവേതനാവധിയിൽ അനധികൃതമായി തുടരുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചതിനുശേഷം പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. പിരിച്ചുവിടേണ്ടതിന് പകരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത നടപടി ക്രമപ്രകാരമല്ല. ടിയാനെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചതിനാൽ അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതന അവധിയെ തുടർന്ന് ഉള്ള അനധികൃത ഹാജരില്ലായ്മയും തുടർന്നുള്ള സസ്പെൻഷൻ കാലയളവും ക്രമീകരിക്കേണ്ടതുണ്ട്. അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതന അവധിയോടൊത്ത് മറ്റ് അവധികൾ ചേർത്ത് അനുവദിക്കുവാനാകില്ല. ശ്രീ. അബ്ദുൾ വാജിദ് 24.08.1998 ൽ സേവനത്തിൽ പ്രവേശിക്കുകയും 24.8.1999 ൽ ടിയാന്റെ പ്യൂൺ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതുമാണ്.

4. മേൽ സാഹചര്യങ്ങളിൽ കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. അബ്ദുൾ വാജിദിന്റെ അനധികൃത

ഹാജരില്ലായ്മയും സസ്പെൻഷനും ഉൾപ്പെടെ അപേക്ഷകൻ സർവ്വീസിൽ നിന്നും വിട്ടു നിന്ന 21.12.2008 മുതൽ 08.03.2015 വരെയുള്ള കാലയളവ് 21.12.2003 ന മുൻപ് ടിയാന്റെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ മുൻകാലസർവ്വീസ് നഷ്ടമാകാതെ 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. അബ്ദുൾ വാജിദ്, ഓഫീസ് അറ്റൻഡന്റ്, കാറഡുക്ക ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, കാറഡുക്ക ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/80/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 28-05-2022 10:41:27

സെക്ഷൻ ഓഫീസർ